റഫറൻസ് നമ്പർ: നബാർഡ് സർക്കുലർ നമ്പർ.NB(Kerala)
No.CPD/1566/PL-14/2008-09 dated 23.5.2008

കേന്ദ്ര ഗവൺമെന്റ് പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളുടെ വിവർത്തനം (ജില്ലാ സഹകരണ ബാങ്കുകളുടേയും സഹകരണ സംഘങ്ങളുടേയും അറിവിലേക്കായി)

# 2008 വർഷത്തെ കാർഷിക കടം എഴുതിതള്ളലും കടാശ്വാസവും പദ്ധതി

## 1. അവതരണം

1.1 2008-09 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കേന്ദ്ര ധനകാര്യ മന്ത്രി 'കാർഷികകടം എഴുതിതള്ളലും കടാശ്വാസവും പദ്ധതി' പ്രഖ്യാപിക്കുകയുണ്ടായി.

1.2 ഈ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശകതത്വങ്ങൾ താഴെ പറയുന്നു.

## 2 വ്യാപ്തി

2.1. മാർഗ്ഗ നിർദ്ദേശക തത്വങ്ങളിൽ പറയുന്നതുപോലെ വാണിജ്യ ബാങ്കുകളും, സഹകരണ ബാങ്കുകളും/ഗ്രാമീണ ബാങ്കുകളും (അർബൻ ബാങ്കുകളുൾപ്പെടെയുള്ള സഹകരണ വായ്പാ സ്ഥാപനങ്ങൾ) മറ്റു പ്രാദേശിക ബാങ്കുകളും [വായ്പാ വിതരണ സ്ഥാപനങ്ങൾ] നേരിട്ട് നാമമാത്ര/ചെറുകിട/മറ്റു കൃഷിക്കാർക്ക് നൽകിയ കാർഷിക വായ്പയാണ് ഈ പദ്ധതിയുടെ കീഴിൽ വരുന്നത്.

2.2. ഈ പദ്ധതി ഉടനെ നടപ്പിൽ വരുത്തുന്നതാണ്.

## 3. നിർവ്വചനങ്ങൾ

3.1. കൃഷി ആവശ്യങ്ങൾക്കുവേണ്ടി കൃഷിക്കാർക്ക് നേരിട്ടുനൽകിയ ഹ്രസ്വകാല വായ്പയേയും, പദ്ധിതിവായ്പയേയും നേരിട്ടുള്ള കൃഷി വായ്പകളെന്നു വിവക്ഷിയ്ക്കുന്നു. SHG, JLG പോലെയുള്ള കൃഷിക്കാരുടെ ഗ്രൂപ്പുകൾക്കു നേരിട്ടു നൽകിയ വായ്പയും ഇത്തരത്തിൽപെടും. പക്ഷേ ബാങ്കുകൾ കൃഷിക്കാരുടെ വ്യക്തിഗത കണക്കുകൾ സൂക്ഷിച്ചിരിയ്ക്കണം.

(നബാർഡിൽ നടന്ന ചർച്ചയിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള വായ്പകളിൽ വായ്പത്തുകയും, കൃഷിയിടത്തിന്റെ വിസ്തീർണ്ണവും നിർണ്ണയിക്കുന്നതിൽ കൂടുതൽ വ്യക്തത വരുത്തുന്ന കാര്യം പരിശോധിക്കാമെന്ന് നബാർഡ് വ്യക്തമാക്കി)

3.2. 18 മാസത്തിനകം തിരച്ചടയ്ക്കേണ്ടതും വിളകൾ കൃഷിചെയ്യുന്നതിനുമുള്ള വായ്പയേയാണ് ഹ്രസ്വകാല കാർഷിക വായ്പ എന്നു പറയുന്നത്. പരമ്പരാഗതമോ, പരമ്പാരാഗതമല്ലാത്തതോ ആയ തോട്ടകൃഷിക്കും, ഉദ്യാനകൃഷിക്കും നൽകിയ 1 ലക്ഷത്തിലധികംവരാത്ത പ്രവർത്തന മൂലധന വായ്പകളും ഇതിൽ ഉൾപ്പെടും.

3.3. പദ്ധതി വായ്പകൾ - എന്നാൽ

a) പുതിയ കിണർ കുഴിയ്ക്കുക, നിലവിലുള്ള കിണറിന്റെ ആഴം കൂട്ടുക, പമ്പുസെറ്റ് സ്ഥാപിക്കുക, ട്രാക്ടർ, കാള തുടങ്ങിയവ വാങ്ങിക്കുക, എന്നീ കൃഷി ഭൂമിയിൽനിന്നും കൂടുതൽ വരുമാനം നേടാനാവശ്യമായ മുതൽ മുടക്കിനും ഉപയോഗശൂന്യമായ ആസ്തി മാറ്റി സ്ഥാപിക്കൽ മുതലായ ആവശ്യങ്ങൾക്കും നൽകിയ മൂലധന നിക്ഷേപ പദ്ധതിവായ്പയും, പരമ്പരാഗതവും, പരമ്പരാഗതേതരമുമായ തോട്ടകൃഷി, പൂന്തോട്ട കൃഷി തുടങ്ങിയ ആവശ്യങ്ങൾക്കും വേണ്ടി നൽകിയ ദീർഘകാല വായ്പയും ഉൾപ്പെടെ നേരിട്ടു കൃഷിയ്ക്കു നൽകിയ പദ്ധതി വായ്പകൾ.

b) ക്ഷീര വികസനം, കോഴി, ആട്, ചെമ്മരിയാട്, പന്നി വളർത്തൽ, തേനീച്ച വളർത്തൽ, ഗ്രീൻ ഹൗസ്, ജൈവവാതകം തുടങ്ങിയ കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്കു നൽകിയ പദ്ധിതി വായ്പകൾ.

3.4 സഹകരണ വായ്പാ സ്ഥാപനം എന്നാൽ

i) കൃഷിക്കാർക്ക് ഹ്രസ്വകാല കാർഷികവിള വായ്പ നൽകുകയും കേന്ദ്ര ഗവൺമെന്റിന്റെ 2% പലിശ ഇളവ് പദ്ധതിക്ക് അർഹമായിരിക്കുകയും ചെയ്യുന്ന സ്ഥാപനം.

ii) റിസർവ്വ് ബാങ്കിന്റേയോ, നബാർഡിന്റേയോ നിയന്ത്രണത്തിലോ, മേൽനോട്ടത്തിലോ ബാങ്കിംഗ് പ്രവർത്തനം നിർവഹിക്കുന്ന സ്ഥാപനം.

iii) ഹ്രസ്വകാല വായ്പാ ഘടനയുടെയോ ദീർഘകാല വായ്പാ ഘടനയുടെയോ ഭാഗമായി ഏതെങ്കിലും സംസ്ഥാനത്തോ കേന്ദ്ര ഭരണ പ്രദേശത്തോ പ്രവർത്തിയ്ക്കുന്ന സ്ഥാപനം.

3.5 2.5 ഏക്കർ (1 ഹെക്ടർ) വരെയുള്ള ഭൂമി കൃഷിചെയ്യുന്ന കൃഷിക്കാരനെ നാമമാത്ര കർഷകനെന്നു പറയുന്നു. (വസ്തു ഉടമസ്ഥനോ, പാട്ടക്കാരനോ, കൂട്ടു കൃഷിചെയ്യുന്നയാളോ ആയാലും ഇതിൽ പെടും)

3.6 2.5 ഏക്കർ മുതൽ 5 ഏക്കർ വരെയുള്ള (1 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ) ഭൂമി കൃഷിചെയ്യുന്ന കൃഷിക്കാരനെ ചെറുകിട കർഷകനെന്നു പറയുന്നു (വസ്തു ഉടമസ്ഥനോ, പാട്ടക്കാരനോ, കൂട്ടുകൃഷി ചെയ്യുന്നയാളോ ആയാലും ഇതിൽപെടും).

3.7 5 ഏക്കറിനു മുകളിലുള്ള (2 ഹെക്ടർ ഭൂമി) കൃഷി ചെയ്യുന്ന കൃഷിക്കാരനെ 'മറ്റു കർഷക'നെന്നു പറയുന്നു (വസ്തു ഉടമസ്ഥനോ, പാട്ടക്കാരനോ, കൂട്ടുകൃഷിചെയ്യുന്നയാളോ ആയാലും ഇതിൽപെടും). ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവ് ഹ്രസ്വകാലവിള വായ്പകൾക്കാണ് ബാധകം.

## <u>വിശദീകരണം</u>

1. ഒരു കൃഷിക്കാരന് സ്വന്തമായോ, മറ്റാരെങ്കിലുമായി ചേർന്നോ, കൂട്ടുകൃഷി വ്യവസ്ഥയിലോ ഉടമസ്ഥതയിലോ <u>ഉള്ള</u> മൊത്തം കൃഷി ഭൂമിയെ അടിസ്ഥാനമാക്കിയാണ് മേൽപ്പറഞ്ഞ തരംതിരിവ് നടത്തുന്നത്. പാട്ട വ്യവസ്ഥയിൽ കൃഷിചെയ്യുന്ന കൃഷിക്കാരാണെങ്കിൽ സ്വന്തമായോ, കൂട്ടായോ കൃഷിചെയ്യുന്ന കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണമാണ് അടിസ്ഥാനമായി കണക്കാക്കുന്നത്. ഉടമസ്ഥാവകാശത്തിനോ, കൈവശാവ കാശത്തിനോ ഭാവിയിലെന്തു സംഭവിച്ചാലും, വായ്പ അനുവദിക്കുന്ന സമയത്തുള്ള കൃഷിഭൂമിയുടെ കണക്കനുസരിച്ചയായിരിക്കും മേൽപറഞ്ഞ തരംതിരിവ്.

2. തങ്ങളുടെ കൃഷിഭൂമി ഒന്നായിയെടുത്ത് ഒന്നിലേറെ കൃഷിക്കാർ വായ്പയെടുക്കുകയാണെങ്കിൽ ആ കൂട്ടുകൃഷിയിലെ ഏറ്റവും വിസ്തീർണ്ണംകൂടിയ വസ്തുവിന്റെ അടിസ്ഥാനത്തിലാണ് ചെറുകിട/നാമമാത്ര/മറ്റുകർഷകൻ എന്നു തീരുമാനിക്കുന്നത്.

3. കാർഷികാനുബന്ധ പദ്ധതി വായ്പകളെടുത്ത കൃഷിക്കാരന്റെ കാര്യത്തിൽ 50000/- രൂപവരെ വായ്പയെടുത്തവരെ നാമമാത്ര/ചെറുകിട കർഷകരെന്നും, 50000/- രൂപയിൽ കൂടുതൽ വായ്പയെടുത്തവരെ മറ്റു കൃഷിക്കാരെന്നും പറയുന്നു. ഇതിന് വസ്തുവിന്റെ അളവ് ബാധകമല്ല.

4. കിസാൻ ക്രെഡിറ്റ് കാർഡ് മുഖേനയെടുത്ത നേടിട്ടുള്ള കൃഷിവായ്പകളും ഇതിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്.

5. ഒരു കൃഷിക്കാരൻ എടുത്ത ഹ്രസ്വകാല കാർഷിക വായ്പയും, പദ്ധതി വായ്പയും രണ്ടായി കണക്കാക്കുന്നതാണ്. അതുപോലെ ഒരു കൃഷിക്കാരൻ രണ്ടാവശ്യങ്ങൾക്കായി രണ്ട് പദ്ധതി വായ്പയെടുത്താൽ അതു രണ്ടും രണ്ടായി കാണുന്നതാണ്. പദ്ധതിയുടെ ആനുകൂല്യങ്ങൾ ഓരോ വായ്പയ്ക്കും പ്രത്യേകം കണക്കാക്കുന്നതാണ്.

4. <u>അർഹമായ തുക</u>

4.1 കടം എഴുതിതള്ളുന്നതിനും, കടാശ്വാസം നൽകുന്നതിനും അർഹമായതുക താഴെ പറയുന്നവയാണ്.

a) ഹ്രസ്വകാല കാർഷിക വായ്പയാണെങ്കിൽ വായ്പാതുക 29.2.2008-ൽ ബാക്കിനിൽക്കുന്ന കുടിശ്ശിക പൂർണ്ണമായും (പലിശയും ഇതോടൊപ്പം ചേർക്കും)

i) 31.3.2007 വരെ അനുവദിച്ച തുകയും ആയതിൽ 31.12.2007-ൽ കുടിശ്ശിക നിൽക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത വായ്പയുടെ 29.2.2008-ലെ ബാക്കി നില്പു കുടിശ്ശിക.

ii) 2004-ലേയും, 2006-ലേയും കേന്ദ്ര ഗവൺമെന്റ് പദ്ധതിപ്രകാരം പുന: ക്രമീകരിച്ചതോ, പരിഷ്കരിച്ചതോ ആയ വായ്പകൾ കുടിശ്ശികയായാലും അല്ലെങ്കിലും.

iii) പ്രകൃതി ക്ഷോഭങ്ങൾ മൂലമോ, മറ്റോ റിസർവ്വ് ബാങ്ക് നിർദ്ദേശങ്ങൾ ക്കനുസൃതമായി 31.3.2007 വരെ സാധാരണ ഗതിയിൽ പരിഷ്കരിച്ചതോ, പുന: ക്രമീകരിച്ചതോ ആയ വായ്പകൾ കുടിശ്ശികയായാലും അല്ലെങ്കിലും.

b) പദ്ധതി വായ്പയുടെ കാര്യത്തിൽ മുകളിൽ പറഞ്ഞ തീയതികളിൽ കുടിശ്ശികയായ തവണകളുടെ പലിശയോടൊപ്പം താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി.

i) 31.3.2007 വരെ അനുവദിച്ചതുകയും ആയത് 31.12.2007-ൽ കുടിശ്ശിക നിൽക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത വായ്പയുടെ 29.2.2008-ലെ ബാക്കി നില്പ് കുടിശ്ശിക.

ii) 2004-ലേയും 2006-ലേയും കേന്ദ്ര ഗവൺമെന്റ് പദ്ധതിപ്രകാരം പുന: ക്രമീകരിച്ചതോ, പരിഷ്ക്കരിച്ചതോ ആയ വായ്പകൾ കുടിശ്ശിക ആയാലും അല്ലെങ്കിലും.

<u>വിശദീകരണം</u>

31.3.2007 വരെ അനുവദിച്ച പദ്ധതി വായ്പകൾ NPA ആയതോ കേസുകൊടുത്തിരിക്കുന്നതോ ആണെങ്കിൽ 31.12.2007 വരെ കുടിശ്ശികയായ തവണകൾ മാത്രമായിരിയ്ക്കും അർഹമായതുക.

4.2. താഴെപ്പറയുന്ന വായ്പകൾ അർഹമായ വായ്പ ഇനത്തിൽ പെടുത്താൻ പാടുള്ളതല്ല.

a) വിള വായ്പ അല്ലാതെയുള്ള കാർഷിക വിഭവങ്ങളുടെ ജാമ്യത്തിൽ നൽകിയ വായ്പ

b) പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങൾക്കോ കോർപ്പൊറേറ്റ് സ്ഥാപനങ്ങൾക്കോ സഹകരണ വായ്പാ സംഘങ്ങൾ ഒഴിച്ചുള്ള സംഘങ്ങൾക്കോ നൽകിയ വായ്പ.

4.3. 31.3.1997-ന് മുമ്പുനൽകിയ വായ്പകൾ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.

5. <u>കടം എഴുതി തള്ളൽ</u>

നാമമാത്ര/ചെറുകിട കർഷകരുടെ കാര്യത്തിൽ അർഹമായതുക മുഴുവനും എഴുതിത്തള്ളും.

6. <u>കടാശ്വാസം</u>

6.1 മറ്റു കൃഷിക്കാരുടെ കാര്യത്തിൽ ഒരു ഒറ്റത്തവണ തീർപ്പാക്കൽ (OTS) പദ്ധതി നിലവിലുണ്ടായിരിയ്ക്കും. ഇതനുസരിച്ച് അർഹമായ തുകയുടെ 75% കൃഷിക്കാരൻ അടയ്ക്കുകയാണെങ്കിൽ 25% കടാശ്വാസം നൽകും.

ദുരിത ബാധിത ജില്ലകളായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ (കേരളത്തിൽ പാലക്കാട്, വയനാട്, കാസർകോട് ജില്ലകളുടെ കാര്യത്തിൽ) അർഹമായ തുകയുടെ 25 ശതമാനമോ 20000/- രൂപയോ ഏതാണോ കൂടുതൽ ആയത് കർഷകൻ അടയ്ക്കേണ്ട 75% അടയ്ക്കുകയാണെങ്കിൽ മുകളിൽ പറഞ്ഞ കടാശ്വാസം ലഭിക്കും.

7. <u>പദ്ധതി നടത്തിപ്പ്</u>

ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓരോ സഹകരണ സംഘവും താഴെപ്പറയുന്ന രണ്ട് ലിസ്റ്റുകൾ തയ്യാറാക്കണം.

1. കടം എഴുതിതള്ളലിന് അർഹരായ നാമമാത്ര/ചെറുകിട കർഷകരുടെ ലിസ്റ്റ്.

2. കടാശ്വാസത്തിന് അർഹരായ മറ്റുകർഷകരുടെ ലിസ്റ്റ്. പ്രസ്തുത ലിസ്റ്റിൽ കർഷകരുടെ വസ്തു വിവരം, അർഹമായതുക, ചെറുകിട നാമമാത്ര കർഷകരുടെ കടം എഴുതിതള്ളാനുദ്ദേശിക്കുന്ന തുക, മറ്റു കർഷക രാണെങ്കിൽ കടാശ്വാസം നൽകാനുദ്ദേശിക്കുന്നതുക എന്നിവ കാണിയ്ക്കണം. 30.6.2008-നു മുമ്പായി പ്രസ്തുത ലിസ്റ്റുകൾ ബാങ്കുകളുടേയും/സൊസൈറ്റികളുടേയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം.

7.2. കടം എഴുതി തള്ളിയ അർഹമായ തുകയ്ക്ക് തുല്യമായ പുതിയ വായ്പയ്ക്ക് നാമമാത്ര/ചെറുകിട കർഷകർ അർഹരായിരിയ്ക്കും.

7.3. OTS പ്രകാരമുള്ള കടാശ്വാസത്തിന് അർഹരായ മറ്റു കൃഷിക്കാർ തങ്ങളുടെ വിഹിതം അടച്ചു കൊള്ളാമെന്നുള്ള ഒരു സമ്മത പത്രം നൽകേണ്ടതാണ്. (അർഹമായ തുകയിൽ നിന്നും OTS കടാശ്വാസം കുറച്ചതുക 30.9.2008, 31.3.2009, 30.6.2009 എന്നീ മൂന്നു തവണകളായി അടയ്ക്കേണ്ടതാണ്. ആദ്യത്തെ രണ്ട് തവണകളുടെ ആകെ തുക അയാളുടെ വിഹിതത്തിന്റെ 1/3-ൽ കുറയരുത്.

7.4. സമ്മത പത്രത്തിന്റെ മാതൃക റിസർവ്വ് ബാങ്കോ നബാർഡോ നൽകുന്നതായിരിക്കും.

7.5 OTS കടാശ്വാസത്തിലെ മറ്റു കർഷകർ തങ്ങളുടെ വിഹിതം മുഴുവൻ അടച്ചു കഴിഞ്ഞാൽ കേന്ദ്ര ഗവൺമെന്റിന്റെ കടാശ്വാസ വിഹിതം അവരുടെ വായ്പാ അക്കൗണ്ടിൽ വരവു വയ്ക്കുന്നതാണ്.

7.6 ഹ്രസ്വകാല കാർഷിക വായ്പയുടെ കാര്യത്തിൽ അവനവന്റെ വിഹിതത്തിന്റെ 1/3 അടച്ചു കഴിഞ്ഞാൽ 'മറ്റു കർഷകൻ' പുതിയ വായ്പയ്ക്ക് അർഹനാകുന്നതാണ്.

7.7 പദ്ധതി വായ്പയുടെ കാര്യത്തിൽ (നേരിട്ടുള്ള കൃഷിയാവശ്യമോ അനുബന്ധ കൃഷിയാവശ്യമോ) മറ്റുകർഷകൻ അവനനവന്റെ വിഹിതം മുഴുവൻ അടച്ചു കഴിഞ്ഞാൽ പുതിയ വായ്പയ്ക്ക് അർഹനാകുന്നതാണ്.

7.8 വാണിജ്യ ബാങ്കുകളുടേയും, അർബൻ ബാങ്കുകളുടേയും മറ്റു പ്രാദേശിക ബാങ്കുകളുടേയും കാര്യത്തിൽ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ ആയിരിക്കും നോഡൽ ഏജൻസി. ഗ്രാമീണ ബാങ്കുകളുടേയും സഹകരണ ബാങ്കുകളുടേയും കാര്യത്തിൽ നബാർഡായിരിക്കും നോഡൽ ഏജൻസി.

8. <u>പലിശയും മറ്റു ചെലവുകളും</u>

8.1. വായ്പാ വിതരണ സ്ഥാപനങ്ങൾ 29.2.2008-ന് ശേഷം എഴുതിതള്ളലിന് അർഹമായി കണക്കാക്കിയ തുകയിന്മേൽ പലിശ കണക്കാക്കാൻ പാടില്ല. എന്നിരുന്നാലും 30.6.2009-നോ അതിനു മുമ്പോ അർഹമായ തുകയുടെ വിഹിതം അടയ്ക്കാതെ കുടിശ്ശിക വരുത്തുകയും OTS ആനുകൂല്യത്തിന് അനർഹരായി തീരുകയും ചെയ്യുന്ന മറ്റു കർഷകന്റെ കാര്യത്തിൽ 30.6.2009-ന് ശേഷം ബാങ്കിന് പലിശ കണക്കാക്കാവുന്നതാണ്.

8.2 31.12.2007-ന് ശേഷം കുടിശ്ശികയാവുന്ന പദ്ധതി വായ്പയുടെ തവണകൾ പലിശ സഹിതം തിരിച്ചു പിടിയ്ക്കാൻ ബാങ്കുകൾക്ക് അധികാര മുണ്ടായിരിക്കും. ബാങ്കുകളുടെ സാധാരണ നിയമങ്ങൾക്കനുസൃതമയി മേൽപ്പറഞ്ഞ തവണകൾ പുന: ക്രമീകരിച്ചു കൊടുക്കാൻ ബാങ്കുകൾക്ക് അവകാശമുണ്ട്.

8.3. ഈ പദ്ധതിയിൽ എന്തു പറഞ്ഞിരുന്നാലും കേന്ദ്ര ഗവൺമെന്റിൽനിന്നും ഈ പദ്ധതി പ്രകാരം ബാങ്കുകൾ അവകാശപ്പെടുന്ന പലിശ, മുതലിനേക്കാൾ അധികരിക്കാൻ പാടുള്ളതല്ല.

8.4. പലിശയുടേയും മറ്റു ചെലവുകളുടേയും കാര്യങ്ങൾ ഉൾപ്പെടെ മറ്റെല്ലാ കാര്യങ്ങളിലും കേന്ദ്ര ധനകാര്യ മന്ത്രാലയം അനുബന്ധ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ബാങ്കുകൾ കർഷകനിൽനിന്നോ ഈടാക്കാൻ പാടില്ലാത്ത ചെലവുകളുടെ കാര്യത്തിലും നിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്.

## 9. കടം എഴുതി തള്ളലിനും കടാശ്വാസത്തിനും ബാങ്കുകൾ നൽകേണ്ട സർട്ടിഫിക്കറ്റ്

9.1. നാമമാത്ര/ചെറുകിട കർഷകരുടെ അർഹമായതുക എഴുതിതള്ളുന്ന കാര്യത്തിൽ ബാങ്കുകൾ ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഈ സർട്ടിഫിക്കറ്റിൽ അർഹമായ തുകയും, എഴുതിത്തള്ളിയതുകയും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

9.2. മറ്റു കർഷകരുടെ കാര്യത്തിൽ കടാശ്വാസം നൽകിയശേഷം വായ്പാ സ്ഥാപനങ്ങൾ തൃപ്തികരമായ രീതിയിൽ വായ്പാ കണക്ക് തീർത്തെന്നും, അർഹമായതുക, കർഷകൻ അടച്ചതുക, കടാശ്വാസമായി നൽകിയതുക എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

9.3. മേല്പറഞ്ഞ സർട്ടിഫിക്കറ്റ് റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയോ നബാർഡോ നൽകുന്ന ഫോറത്തിലായിരിയ്ക്കേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുമ്പോൾ ബാങ്കുകൾ കർഷകനിൽനിന്നും സർട്ടിഫിക്കറ്റ് ലഭിച്ചതായുള്ള ഒപ്പ് വാങ്ങേണ്ടതാണ്.

## 10. ബാങ്കുകളുടെ കടമകൾ

10.1. ഓരോ കർഷകന്റേയും എഴുതിതള്ളുന്ന കടത്തിന്റേയും നൽകുന്ന കടാശ്വാസത്തിന്റേയും കാര്യത്തിലും ലിസ്റ്റുകളുടെ കൃത്യതയുടേയും സത്യസന്ധതയുടേയും കാര്യത്തിലും ബാങ്കുകൾ ഉത്തരവാദികളായിരിയ്ക്കുന്നതാണ്. ഈ കാര്യത്തിൽ ബാങ്കുകൾ കൈകാര്യം ചെയ്യുന്ന

രേഖകൾ, ലിസ്റ്റുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവയിൽ ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും, ഔദ്യോഗികനാമവും ഉണ്ടായിരിക്കേണ്ടതാണ്.

10.2. ഒരോ ബാങ്കും ഒന്നോ അതിലധികമോ [ബാങ്കുകളുടെ ശാഖകളുടെ എണ്ണമനുസരിച്ച്] 'തർക്ക പരിഹാര ഓഫീസർമാരെ' നിയമി യ്ക്കേണ്ടതാണ്. പ്രസ്തുത ഓഫീസർമാരുടെ പേരും മേൽവിലാസവും ബാങ്കിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടണ്ടതാണ്. കർഷകരിൽനിന്നും ഗ്രീവൻസ് സെല്ലിൽ ലഭിക്കുന്ന പരാതികളിൽ പ്രസ്തുത സെല്ല് പരിഹാരംകാണേണ്ടതാണ്.

10.3. തന്റെ പേര് രണ്ടു ലിസ്റ്റിലും പെട്ടില്ലെന്നോ അഥവാ അത് തെറ്റായ ലിസ്റ്റിലാണ് പെട്ടതെന്നോ, കടാശ്വാസം തെറ്റായ രീതിയിലാണ് കണ ക്കാക്കിയതെന്നോ അഭിപ്രായമുള്ളവർ ഒരു പരാതി തയ്യാറാക്കി ബാങ്ക് ശാഖവഴിയോ നേരിട്ടോ തർക്ക പരിഹാര ഓഫീസർക്ക് സമർപ്പിയ്ക്കാം. പ്രസ്തുത ഓഫീസർ പരാതി ലഭിച്ച് അതിന്മേൽ 30 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്.

11. ആഡിറ്റ്

റിസർവ്വ് ബാങ്കോ/നബാർഡോ നിശ്ചയിയ്ക്കുന്ന പ്രകാരം കടം എഴുതിതള്ളുകയോ കടാശ്വാസം നൽകുകയോ ചെയ്ത ബാങ്കുകളുടേയും അവയുടെ ശാഖകളുടേയും അക്കൗണ്ടു ബുക്കുകൾ ആഡിറ്റിന് വിധേയമായിരിക്കും. പ്രസ്തുത ആഡിറ്റ് റിസർവ്വ് ബാങ്കോ, നബാർഡോ നിശ്ചയിക്കുന്ന പ്രകാരം കൺകറന്റ് ആഡിറ്റർമാരോ, സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരോ/സ്പെഷ്യൽ ആഡിറ്റർമാരോ ആയിരിക്കും നടത്തുക. കേന്ദ്ര ഗവൺമെന്റിന് ആവശ്യമെങ്കിൽ പ്രസ്തുത ബാങ്കുകളിലോ അവയുടെ ഒന്നോ അതിലധികമോ ശാഖകളിലോ സ്പെഷ്യൽ ആഡിറ്റ് നടത്താവുന്നതാണ്.

12. <u>പ്രചരണം</u>

12.1. ഈ പദ്ധതിയുടെ ഇംഗ്ലീഷിലും, പ്രാദേശിക ഭാഷകളിലും ഉള്ള വിവർത്തനവും ബാങ്കുകളുടെ ഓരോ ശാഖകളിലും പ്രദർശിപ്പിക്കേണ്ടതാണ്.

12.2. ഈ പദ്ധതി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിലെ ഫിനാൻഷ്യൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റിന്റേയും, റിസർവ്വ് ബാങ്കിന്റേയും നബാർഡിന്റേയും വെബ്സൈറ്റുകളിൽ ലഭ്യമാണ്.

13. **വിശദീകരണത്തിനും പ്രതിബന്ധനിവാരണത്തിനും ഉള്ള അധികാരം**
------------------------------------------------------------------------------------------------

13.1. ഈ പദ്ധതി സംബന്ധിച്ച് എന്തു സംശയം ഉണ്ടെങ്കിലും ഏതെങ്കിലും ഖണ്ഡികയുടെ വ്യാഖ്യാനത്തിൽ തർക്കം ഉണ്ടെങ്കിലും തുടർന്നു നൽകുന്ന നിർദ്ദേശങ്ങളിൽ സംശയമുണ്ടായാലും അത് കേന്ദ്ര ഗവൺമെന്റ് അന്തിമ തീരുമാനമെടുക്കുന്നതും ആയത് അന്തിമവും ആയിരിക്കും.

13.2. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ഏതെങ്കിലും നിർദ്ദേശങ്ങൾ ആവശ്യമായി വന്നാൽ കേന്ദ്ര ഗവൺമെന്റ് ആയതിന് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

14. <u>നിർവ്വഹണമേൽനോട്ടം</u>

ഇതിനായി ദേശീയ തലത്തിലുള്ള ഒരു മോണിട്ടറിംഗ് കമ്മിറ്റി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കുന്നതാണ്.

i) സെക്രട്ടറി, കേന്ദ്ര ധനകാര്യ
മന്ത്രാലയത്തിലെ ഫിനാൻഷ്യൽ - ചെയർ പേഴ്സൺ

സർവ്വീസ് ഡിപ്പാർട്ട്മെന്റ്



ii) സെക്രട്ടറി,
കേന്ദ്ര കൃഷി മന്ത്രാലയത്തിലെ കൃഷിയും,
സഹകരണവും ഡിപ്പാർട്ട്മെന്റ്

iii) ഡെപ്യൂട്ടി ഗവർണ്ണർ
റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ

iv) ചെയർമാൻ, നബാർഡ്

v) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ,
രണ്ട് പബ്ലിക് സെക്ടർ ബാങ്കുകൾ

vi) ചെയർമാൻ, രണ്ട് ഗ്രാമീണ ബാങ്കുകൾ

vii) മാനേജിംഗ് ഡയറക്ടർ,
രണ്ട് സംസ്ഥാനതല സഹകരണ ബാങ്കുകൾ

(കേരള സംസ്ഥാന സഹകരണ ബാങ്ക് തയ്യാറാക്കിയത്)

C5/d rfdML/7-18/pr